LIBRARY ARCHIVES Kerala Legislative Assembly

പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങൾ

172 (1228) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിനായി സർക്കാർ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുത്തിരുന്നത് 1894-ലെ കേന്ദ്ര പൊന്നംവില നിയമപ്രകാരമാണ്. 1-1-2014-ൽ പ്രസ്തുത ആക്ട് റദ്ദാക്കുകയും Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013, പ്രാബല്യത്തിൽ വരികയും ചെയ്തു. ടി ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ (കരട്) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ചട്ടങ്ങൾക്ക് അനുസൃതമായി മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടത്താൻ സാധിക്കുകയുള്ളൂ.

(ബി) ചട്ടങ്ങൾ നിലവിൽ വരുന്ന മുറയ്ക്ക് തടസ്സങ്ങൾ നീങ്ങുന്നതാണ്.

ഭൂരഹിത കേരളം-കൊട്ടാരക്കര നിയോജകമണ്ഡലം

173 (1229) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നിന്നും ഭൂരഹിത കേരളം പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ;

(ബി) പ്രസ്തുത അപേക്ഷകളിൽ നിന്നും ആനുകൂല്യത്തിന് അർഹരായവരുടെ പട്ടികക്ക് രൂപം നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിയോജകമണ്ഡലത്തിൽ ഭൂമി ലഭിച്ചവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അസംബ്ലി നിയോജകമണ്ഡലം തിരിച്ചുള്ള ഭൂരഹിതരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. താലൂക്ക് അടിസ്ഥാനത്തിലാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര താലൂക്കിൽ പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് 3049 അപേക്ഷകൾ ലഭിച്ചിരുന്നു. ഈ അപേക്ഷകരിൽ നിന്നും 2878 ഗുണഭോക്താക്കളെ ഒന്നാം ഘട്ടത്തിൽ അർഹരായി തെരഞ്ഞെടുത്തിട്ടുള്ളതാണ്. രണ്ടാം ഘട്ടത്തിൽ 31-3-2014 വരെ 1168 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഈ അപേക്ഷകളിൽ അന്വേഷണം നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കൊട്ടാരക്കര താലൂക്കിൽ ഒന്നാം ഘട്ടത്തിൽ 2878 പേരെ ആനുകൂല്യത്തിന് അർഹതയുള്ളവരായി കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. താലൂക്ക് അടിസ്ഥാനത്തിലാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. കൊട്ടാരക്കര താലൂക്കിൽ പട്ടയം ലഭിച്ചവരുടെ വിവരം വില്ലേജ് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

1	ചിതറ	80
2	കലയപുരം	18
3	പവിത്രേശ്വരം	5
4	കരീപ്ര	23
5	നെടുവത്തൂർ	88
6	പൂയപ്പള്ളി	4
7	പുത്തൂർ	3
8	ഉമ്മന്നൂർ	5
9	മേലില	3
	ആകെ	229